കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- കൊല്ലം നിയോജക മണ്ഡലം- കൊല്ലം കോർപ്പറേഷനിൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി-ഭരണാനുമതി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.4058 /2017/തസ്വഭവ                    തിരുവനന്തപുരം, തീയതി .16.12.2017

പരാമർശം-1)25/03/2017 ലെ സ.ഉ(സാധാ)നം.880/2017/ത.സ്വ.ഭ.വ

2)തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09/10/2017 ലെ ഡി.ബി1/11007/2017/സി.ഇ/ത.സ്വ.ഭ.വ

**ഉത്തരവ്**

കൊല്ലം നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.മുകേഷ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിപ്രകാരം 28.50 ലക്ഷം രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)യുള്ള കൊല്ലം കോർപ്പറേഷനിൽ ലൈബ്രറി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പരാമർശ ഉത്തരവ് പ്രകാരം 28.50 ലക്ഷം രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)യ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ മേൽ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കാക്കി നടത്തുന്നതെന്ന് പരാമർശിച്ചിരുന്നില്ല. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ.മുകേഷ് എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും 28.50 ലക്ഷം രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)യ്ക്ക ഭരണാനുമതി നൽകിയ കൊല്ലം കോർപ്പറേഷനിൽ ലൈബ്രറി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.മുകേഷ്. എം.എൽ.എ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (741/NC-B2/2016/Fin തീയതി 11/12/2017)
തദ്ദേശ സ്വയംഭരണ വകുപ്പ് O.S (DB2/67/2017)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ